## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3437 19.10.2016-ൽ മറുപടിയ്ക്ക്**

**പ്ലംബിംഗ് ലൈസൻസ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം : | മാത്യു. ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ വാട്ടർ അതോറിറ്റിയിലെ ലൈസൻസ്ഡ് പ്ലംബർമാർക്ക്, ലൈസൻസ് ലഭിക്കുന്നതിന് എത്ര രൂപയാണ് ഫീസായി അടയ്ക്കേണ്ടത്; ഇവർക്ക് ലൈസൻസിന് എത്ര വർഷത്തെ കാലാവധിയാണ് നൽകിവരുന്നത്; | എ) വാട്ടർ അതോറിറ്റിയിലെ പ്ലംബിംഗ് ലൈസൻസ് ലഭിക്കുന്നതിന് ഓരോ വർഷവും നിർദ്ദിഷ്ട പരീക്ഷ നടത്തുന്നുണ്ട്. അപേക്ഷ ഫോറത്തിന് 10 രൂപയും പരീക്ഷാ ഫീസായി 100 രൂപയും അടച്ച് പരീക്ഷ പാസായി കഴിഞ്ഞാൽ അതാത് ഡിവിഷൻ ഓഫീസിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി 500/- രൂപയും, ലൈസൻസ് ബുക്കിന്റെ വിലയായി 100/- രൂപയും ലൈസൻസ് ഫീസായി 150/- രൂപയും ഈടാക്കുന്നു. പ്രസ്തുത ലൈസൻസിന് ഒരു വർഷത്തെ കാലാവധി മാത്രമെ നിലവിലുള്ള നിയമപ്രകാരം നൽകുന്നുള്ളൂ. |
| ബി സംസ്ഥാനത്ത് വാട്ടർ അതോറിറ്റിയിൽ ആകെ എത്ര ലൈസൻസ്ഡ് പ്ലംബർമാരാണ് നിലവിലുള്ളത്; | ബി) കേരള വാട്ടർ അതോറിറ്റിയിൽ 1889 ലൈസൻസ്ഡ് പ്ലംബർമാരുണ്ട്. |
| സി ലൈസൻസ്ഡ് പ്ലംബർമാർക്ക് തങ്ങളുടെ ലൈസൻസ് പുതുക്കുന്നതിന് എത്ര രൂപയാണ് ഇപ്പോൾ ഫീസായി നിശ്ചയിച്ചിട്ടുള്ളത്; ഇത് ഓരോ വർഷവും പുതുക്കി നൽകുകയാണോ ചെയ്തുവരാറുള്ളത്; വ്യക്തമാക്കുമോ; | സി) ലൈസൻസ്ഡ് പ്ലംബർമാർക്ക് തങ്ങളുടെ ലൈസൻസ് പുതുക്കുന്നതിന് 150/- രൂപയാണ് ഫീസായി നിശ്ചയിച്ചിരിക്കുന്നത്. ഇത് ഓരോ വർഷവും പുതുക്കി നൽകുകയാണ് ചെയ്യുന്നത്. |
| ഡി കെ.എസ്.ഇ.ബി. യിലും മറ്റും വയർമാൻമാർക്ക് ലൈസൻസിന് 5 വർഷക്കാലാവധി നൽകുന്നതു പോലെ, പ്ലംബിംഗ് ലൈസൻസ് 5 വർഷത്തിലൊരിക്കൽ പുതുക്കി നൽകുന്നതിന് നടപടി സ്വീകരിക്കാമോ? | ഡി) പ്ലംബിംഗ് ലൈസൻസ് പുതുക്കുന്നതിനുള്ള കാലാവധി രണ്ട് വർഷമായി ദീർഘിപ്പിക്കുന്നതിലേയ്ക്കു വേണ്ടിയുള്ള ശുപാർശ പരിഗണനയിലാണ്. |

Renuka Sankar
സെക്ഷൻ ഓഫീസർ